ഹുസൈൻ രണ്ടത്താണി

**കുമ്മനം എങ്ങനെ പറയാതിരിക്കും?**

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി ഒന്നും ചെയ്തില്ലെന്ന് മാത്രമല്ല; സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കേണ്ടതില്ല എന്ന് നിർദേശിച്ച സംഘ പരിവാരത്തിന്റെ സന്തതികൾക്ക് എന്താണ് പറയാൻ പാടില്ലാത്തത്? സ്വാതന്ത്ര്യ ദിനത്തിൽ ചെങ്കോട്ടയിൽ കാവിക്കൊടി ഉയർത്തണമെന്നാവശ്യപ്പെട്ട സംഘം തങ്ങളുടെ മുഖപത്രമായ ഓർഗനൈസറിൽ ഇത്രയും എഴുതി: "വിധിയുടെ ചവിട്ടു മൂലം അധികാരത്തിൽ വന്നവർ നമ്മുടെ കൈയിൽ ത്രിവർണ പതാക തന്നിരിക്കുന്നു. എന്നാൽ ഹിന്ദുക്കളത് സ്വന്തമാക്കുകയോ അതിനെ ആദരിക്കുകയോ ചെയ്യരുത്. മൂന്ന് എന്ന അക്കം തന്നെ തിന്മയാണ്. മൂന്ന് വർണങ്ങളുള്ള പതാക തീർച്ചയായും തെററായ മാനസിക ഫലങ്ങളാണുണ്ടാക്കുക. അത് രാജ്യത്തിന് ഹാനികരമാണ്". ആറെസ്സെസ്സിൽ നിന്ന് പ്രചോദനം കൊണ്ടവരാണ് മഹാത്മാ ഗാന്ധിയെ വധിച്ചവരെന്നതും പരസ്യം. ഗാന്ധിജി വധിക്കപ്പെട്ടപ്പോൾ മിഠായി വിതരണം ചെയ്ത സംഘിന്റെ നടപടി അവരുടെ മിത്രമായ സർദാർ പട്ടേലിന് പോലും പിടിച്ചില്ല. ബ്രിട്ടീഷ് രാജാവിനെ വാഴ്ത്താൻ വേണ്ടി എഴുതിയ ദേശീയ ഗാനം പാടരുതെന്ന് പറഞ്ഞത് സംഘ് പരിവാരമാണ്. അങ്ങനെ ഒരിക്കലും താനുദ്ദേശിച്ചിട്ട് പോലുമില്ലെന്നും ജനഗണമനയിലെ ഭാഗ്യ വിധാതാവ് ബ്രിട്ടീഷ് രാജാവല്ല; ദൈവമാണെന്നും ടാഗോർ പത്രങ്ങളിൽ പറഞ്ഞിട്ടും സംഘികളത് അംഗീകരിച്ചില്ല. എന്തിനധികം കുമ്മനത്തിന്റെ ഗോഡ് ഫാദറായ ഗോൾവാൾക്കറാണ് ഭരണ ഘടനയെ അഭാരതീയം അഹിന്ദു എന്നൊക്കെ വിളിച്ചത്. ഇതൊക്കെ അംഗീകരിക്കുന്ന കുമ്മനത്തിന് മലബാർ കലാപം സ്വാതന്ത്ര്യ സമരമല്ല എന്ന് പറയാനുള്ള അവകാശവും വക വച്ചു കൊടുക്കേണ്ടതാണ്.

മലബാർ സമരത്തെ ബ്രിട്ടീഷുകാരും ജന്മിത്തമ്പുരാക്കൻമാരും കൂടി വെറുമൊരു മാപ്പിള ലഹളയാക്കി മാറ്റാൻ പണ്ടേ ശ്രമിച്ചതാണ്. അത് കുമ്മനം ആവർത്തിക്കുന്നുവെന്ന് മാത്രം. ഒന്നാം സ്വാതന്ത്ര്യ സമരത്തെ ശിപായി ലഹള, മുഹമ്മദീയ ലഹള എന്നൊക്കെ വിളിച്ചതും ഇവർ തന്നെയാണ്. ഇവർക്കൊന്നും ബ്രിട്ടീഷ് വിരുദ്ധ സമരങ്ങൾ പണ്ടേ രുചിച്ചിട്ടില്ല. ബ്രിട്ടീഷുകാരോട് സമരം ചെയ്ത റാണി ലക്ഷ്മീ ഭായിയെ അടക്കം തള്ളിപ്പറഞ്ഞവരാണിവർ. സമരം ബ്രിട്ടീഷുകാരോടല്ല; മുസ്‌ലിംകളോടാണ് വേണ്ടതെന്ന് പ്രഖ്യാപിച്ചവരാണിവർ. ഇവർ സ്വാതന്ത്ര്യത്തിന്റെ നേതാക്കളായി കണ്ടത് മുഗളരോട് യുദ്ധം ചെയ്ത രജപുത്രൻമാരേയും ശിവാജിയയേയുമാണ്. രജപുത്രരോ ശിവാജിയോ തങ്ങൾ യുദ്ധം ചെയ്യുന്നത് ഇന്ത്യാ രാജ്യത്തിന് വേണ്ടിയാണെന്നോ ഹിന്ദു മതത്തിന് വേണ്ടിയാണെന്നോ സ്വപ്നേപി പറഞ്ഞിട്ടില്ല. അവർ അവരവരുടെ രാജ്യങ്ങൾക്ക് വേണ്ടിയാണ് യുദ്ധം ചെയ്തത്. അതിനവർ മത ഭേദമന്യേ എല്ലാവരുടേയും സഹായം തേടുകയും ചെയ്തു. അക്ബറും അറംഗസേബുമൊക്കെ ശത്രുക്കളെ തോല്പിക്കാൻ രജപുത്രരെ സഹായിച്ചിട്ടുണ്ട്. അവരിങ്ങോട്ടും സഹായിച്ചിട്ടുണ്ട്. ശിവാജിയുടെ സേനാ നായകൻ ഇബ്രാഹിം ഖാനും അറംഗസേബിന്റേത് രജപുതന്രായ രാജാ ജയ്സിങ്ങുമായിരുന്നു. ഇവിടെയൊക്കെ സാമുദായികത ചാർത്തുന്നവർ കണ്ണടച്ചിരുട്ടാക്കുകയാണ്. പരസ്പരം പാരുതിയിരുന്ന രജപുത്രർക്ക് ഇന്ത്യയെന്നോ ഭാരതമെന്നോ ഉള്ള സങ്കല്പം തന്നെ ഉണ്ടായിട്ടില്ല. അവർ കൂടുതലും യുദ്ധം ചെയ്തത് തമ്മിൽ തമ്മിലായിരുന്നു. ഈ വസ്തുതകളൊക്കെ കുമ്മനത്തിന്റെ പാർട്ടിക്കാർക്ക് എത്ര കാലം മൂടി വയ്ക്കാനാവും? ആദ്യം ഇന്ത്യക്കാരെന്ന നിലക്ക് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കുകയും ജയിലിൽ കിടക്കുകയും ജയിലിൽ നിന്ന് രക്ഷപ്പെടാനായി ബ്രിട്ടീഷുകാരെ മേലിൽ സഹായിക്കാമെന്ന് വാക്കു കൊടുക്കുകയും ചെയ്ത സവർക്കറിന്റേയും, ഹെഡ്ഗേവാറിന്റേയും ശിഷ്യത്വം ആപാദ ചൂഡം അംഗീകരിക്കുന്ന കുമ്മനത്തിനോ ബി.ജെ.പിക്കോ ബ്രിട്ടീഷുകാർക്കെതിരെ മലബാറിന്റെ മക്കൾ നടത്തിയ മഹാ സമരത്തെ കണ്ണ് തുറന്ന് കാണാനാവില്ല.

**ആരാണ് ഭൂരിപക്ഷ സമുദായം**

മലബാർ കലാപത്തിൽ കുമ്മനം പറയുന്ന ഭൂരിപക്ഷ സമുദായം ഏതാണ്? മലബാറിലെ ബ്രിട്ടീഷനുകൂലികളായ ഏതാനും ജന്മിമാരും നായൻമാരും കൂടിയായാൽ ഭൂരിപക്ഷമാവുമോ?

കലാപം മാപ്പിളമാർ എന്നറിയപ്പെടുന്ന മുസ്‌ലിംകളുടേത് മാത്രമായിരുന്നോ? മലബാറിലെ എല്ലാ മുസ്‌ലിംകളും കലാപത്തിനൊപ്പമായിരുന്നോ? എല്ലാ ഹിന്ദുക്കളും കലാപത്തിനെതിരായിരുന്നോ? കലാപത്തിന്റെ ലക്ഷ്യം ഹിന്ദു വിരോധം തീർക്കലായിരുന്നോ? ഇതൊന്നും കുമ്മനം വായിച്ചിട്ടില്ല. ബ്രിട്ടീഷു ചരിത്ര ഭാഷ്യം വേദവാക്യമാക്കിയ പൂർവികരുടെ പല്ലവി ആവർത്തിക്കുകയാണ് ബി.ജെ.പിക്കാർ. മലബാർ കലാപം ചൂഷകർക്കെതിരെ ചൂഷിതർ നത്തിയ സമരമാണ്. മർദ്ദകർക്കെതിരെ മർദ്ദിതരുടെ സമരം. കർഷകരായ കുടിയാൻമാരെല്ലാം മുസ്‌ലിംകളായിരുന്നില്ല. അവരിൽ അധിക പേരും ഹിന്ദുക്കൾ തന്നെയായിരുന്നു. പക്ഷേ, ഇവരെ കുമ്മനത്തിന്റെ ആളുകൾ പണ്ടേ ഹിന്ദുക്കളായി ഗണിച്ചിട്ടില്ല. അതാണ് ഹിന്ദുക്കൾ എന്ന് പറയുമ്പോൾ സവർണരിലേക്ക് മാത്രം നാക്കു നീളുന്നത്. ഹിന്ദു മതത്തെ ഉപയോഗിച്ച് ജന്മിമാർ കുടിയാന്മാരെ ചൂഷണം ചെയ്യുകയും അവരെ സമൂഹത്തിലെ തൊട്ടു കൂടാത്തവരാക്കുകയും ചെയ്തപ്പോൾ അതിനെതിരെ കുടിയാന്മാരായ ഹിന്ദുക്കൾ മുസ്‌ലിം കുടിയാന്മാരോടൊപ്പം ചേർന്നു. അങ്ങനെയാണ് ഹിന്ദു കുടിയാന്മാരും ചെറുമക്കളും ഇസ്‌ലാമിലേക്ക് വന്നത്. ഹിന്ദു മതത്തെ ചൂഷകരിൽ നിന്ന് രക്ഷപ്പെടുത്തി പാവപ്പെട്ടവർക്ക് വേണ്ടി വിനിയോഗിച്ചിരുന്നെങ്കിൽ ഈ കുടിയാന്മാർ ഇസ്‌ലാമിലേക്ക് വരുമായിരുന്നില്ല. മലബാർ സമരത്തിൽ പങ്കെടുത്ത മാപ്പിളമാരിൽ അധിക പേരും പരിവർത്തിതരായ താണ ജാതിക്കാരാണ്. സമരത്തിന് ഹിന്ദു മതത്തിൽ ഗത്യന്തരമില്ലാത്തത് കൊണ്ടും മത മേലാളൻമാരായ ജന്മിത്തമ്പുരാക്കൻമാർ തങ്ങളെ നിരന്തരം ചൂഷണം ചെയ്തത് കൊണ്ടുമാണ് അവർ ഇസ്‌ലാമിൽ അഭയം തേടിയത്. ഈ പരിവർത്തനങ്ങൾ മലബാർ കലാപകാലത്ത് മാത്രം നടന്നതല്ല. ഇസ്‌ലാം മതം മലബാറിൽ വന്നേടം മുതൽ തുടങ്ങിയതാണ്. ജന്മിമാരും ബ്രാഹ്മണരും ജാതീയതയുടെ പേരിൽ ഭൂരിപക്ഷം ജനതയെ നിർബന്ധിച്ച് മാററി നിറുത്തിയപ്പോഴാണ് സ്വാതന്ത്ര്യത്തിന് വേണ്ടി ഈ ജനം ഇസ്‌ലാം സ്വീകരിച്ചത്. അവരെ സംബന്ധിച്ചേടത്തോളം അത് സാമൂഹികവും സാമ്പത്തികവുമായ പരിവർത്തനമായിരുന്നു. ഈ പരിവർത്തനത്തിന് അവർ നിർബദ്ധരാവുകയായിരുന്നു. അല്ലാതെ മററാരും അവരെ നിർബന്ധിച്ചതല്ല. ജന്മിയുടെ മുമ്പിൽ എല്ലാം അടിയറ വച്ച് പഞ്ചപുഛമടക്കി ജീവിതം തള്ളേണ്ടി വന്ന അടിയാളന് സമരാവേശം നല്കിയത് മത പരിവർത്തനം തന്നെയാണ്. ഇതിന് ആരെയാണ് കുററപ്പെടുത്തേണ്ടത്? ജന്മിമാരെയോ അതോ മുസ്‌ലിംകളേയോ? മരച്ചുവട്ടിലെ കുഴിയിലൊഴിച്ചു കൊടുത്ത കരിക്കാടി പട്ടിയെ പോലെ മോന്തിക്കുടിക്കാൻ നിർബന്ധിക്കപ്പെട്ട അടിയാളന് ജീവിക്കാൻ എന്തവകാശമാണുണ്ടായിരുന്നത്?

**ഏത് ഹിന്ദു മതം**

ഹിന്ദുമതത്തെ വെടക്കാക്കി തനിക്കാക്കി ജനങ്ങളെ ചൂഷണം ചെയ്ത ജന്മിമാരോട് സമരം ചെയ്തത് ഹൈന്ദവ ധർമത്തിന്റെ കൂടി വീണ്ടെടുപ്പിനായിരുന്നു. അല്ലെങ്കിൽ വിവേകാനന്ദ സ്വാമിയോട് ചോദിക്കുക, മലബാറിൽ അദ്ദേഹം അനുഭവിച്ച ഹിന്ദുമതം എങ്ങനേയെന്ന്? ചൂഷകർക്കെതിരെ സമരം വരുമ്പോൾ അവർ നാട് വിട്ടോടി പോയെന്നിരിക്കും. ഈ ചൂഷകർക്ക് വേണ്ടിയാണ് കുമ്മനവും കൂട്ടരും സംസാരിക്കുന്നത്. മർദ്ദിതരായ ജനങ്ങൾക്കൊപ്പമല്ല ഈ പാർട്ടി എന്നതിന് വേറെന്ത് തെളിവാണ് വേണ്ടത്? താണ ജാതിക്കാരുടെ കദന കേൾക്കാതെ ഭൂരിപക്ഷ സമുദായത്തിന്റെ കാര്യം പറയുന്നവർ എത് ഹിന്ദു മതത്തേയാണ് അംഗീകരിക്കുന്നത്? ചൂഷകർ പലരും ലഹളക്കാരുടെ കൊള്ള ഭയന്ന് നാടുവിട്ടിരിക്കാം. അതേ സമയം ചൂഷണത്തെ എതിർത്തത് ഹിന്ദുക്കളും മുസലിംകളും കൈകോർത്തു കൊണ്ടല്ലേ? ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടും, നാരായണ മേനോനും ഗോപാല മേനോനും, മാധവൻ നായരും ഗോവിന്ദൻ നായരുമൊക്കെ ഹിന്ദുക്കളല്ലാ എന്ന് കുമ്മനവും കൂട്ടരും പറയുമോ? ചൂഷകരിൽ ജന്മികളായ മുസ്‌ലിംകളുമുണ്ടായിരുന്നു. അത് പോലെ ബ്രിട്ടീഷുകാരുടെ പാദസേവകരായ ഹിന്ദു മുസ്‌ലിം ഉദ്യോഗസ്ഥരുണ്ടായിരുന്നു. ആനക്കയം ചേക്കുട്ടി മുതൽ നൂറിലധികം മാപ്പിളമാരെ സമര നേതാവ് കുഞ്ഞഹമ്മദാജിയും സൈന്യവും വധിച്ചിട്ടുണ്ട്. ഇവർ സമരക്കാരെ ഒററിക്കൊടുത്തതിനാലും വെള്ളക്കാരുടെ സിൽബന്ധികളായതിനാലുമാണ്. ഇവരെ വെള്ളക്കാർ ബഹാദൂർ പട്ടം കെട്ടി വാഴിച്ചു. കുഞ്ഞഹമ്മദാജിയെ പിടിക്കാൻ ചട്ടം കെട്ടിയതും അദ്ദേഹത്തിന്റെ മൃത ശരീരം ചുട്ടുകരിക്കാൻ നേതൃത്വം നല്കിയതും ആമു എന്ന മുസൽമാനായിരുന്നു. കുഞ്ഞഹമ്മദാജിയെ വനത്തിൽ ചെന്ന് ബ്രിട്ടീഷുദ്യോഗസ്ഥൻമാർക്ക് കാണിച്ചു കൊടുത്തത് മുസൽമാനാണ്. സമര ഭടന്മാർക്ക് തോക്കും കത്തിയും വാളും നിർമിച്ച് കൊടുത്തത്

കാപ്പിലേയും മേലാറ്റൂരിലേയും കരുവാരക്കുണ്ടിലേയും ഹിന്ദുക്കറളായ കരുവാന്മാരാണ്. തവിടെയാക്കെ കുമ്മനം പറയുന്ന ഭൂരിപക്ഷ സമുദായം എവിടെയാണ്?

എങ്ങനെയാണ് ഈ സമരത്തെ ഹിന്ദു മുസ്‌ലിം കലാപം എന്ന് വിളിക്കുക? ബ്രിട്ടീഷുകാരെ പേടിച്ച് കോൺഗ്രസും മുസ്‌ലിം ലീഗും ഈ കലാപത്തെപററി മിണ്ടിയില്ല; അത് സ്വാതന്ത്ര്യ സമരമാണെന്ന് നേരെ ചൊവ്വേ പറയാനും തയാറായില്ല. മാത്രമല്ല; ബ്രിട്ടീഷുകാരുടെ ഭാഷ്യം കോൺഗ്രസുകാരിൽ ചലർ ഏററു പിടിക്കുകയും ചെയ്തു. ചൂഷകരായ ബ്രിട്ടീഷുകാർക്കും ജന്മിമാർക്കുമെതിരെ ചൂഷിതരായ കർഷകരും താണ ജാതിക്കാരും നടത്തിയ സമരമാണ് മലബാറിലെ കലാപം. കലാപത്തിലെ പാവപ്പെട്ടവരുടെ സാന്നിധ്യം അതാണ് അർഥമാക്കുന്നതും. കലാപം ബ്രിട്ടീഷുകാർക്കെതിരെ ആയത് കൊണ്ട് അതിനെ സ്വാതന്ത്ര്യ സമരം എന്ന് വിളിക്കുന്നു. ചൂഷകരും അവരുടെ സഹായികളായ ബ്രിട്ടുഷുകാരും ചേർന്ന് അതിനെ ഭൂരിപക്ഷ സമുദായത്തിനെതിരായ കലാപം എന്ന് വിളിച്ചു. ചിലരതിനെ മാപ്പിള കലാപം എന്ന് വിളിച്ചു. എങ്ങനെ വിളിച്ചാലും അത് മർദ്ദിതരുടെ കൂട്ടായ്മ സംഘടിപ്പിച്ച മർദ്ദകർക്കെതിരെയുള്ള സമരമാണ്. ഹിന്ദുമതം ജന്മിയുടെ കൂടെ നിന്നപ്പോൾ ഇസ്‌ലാം മർദ്ദകരോടൊപ്പം ചേർന്നു. ഹിന്ദു മതമോ ഇസ്‌ലാമോ സ്വദേശി വിദേശീ പ്രശ്നം ഉന്നയിക്കുന്നില്ല. ധർമാധർമങ്ങളെ കുറിച്ചാണ് ഈ മതങ്ങൾ സംസാരിക്കുന്നത്. വിദേശികളൊക്കെ നിതാന്ത ശത്രുക്കളാണെന്ന് ഈ മതങ്ങൾ പറയുന്നില്ല. ചൂഷണം സ്വദേശി ചെയ്താലും വിദേശി ചെയ്താലും വ്യത്യാസങ്ങളൊന്നുമല്ലെന്നാണ് മതങ്ങൾ പറയുന്നത്. കോഴിക്കോട്ടെ തീര ദേശത്ത് മുസ്‌ലിംകൾ ബ്രിട്ടീഷുകാരോടൊപ്പമായിരുന്നു. അവിടെ ബ്രിട്ടീഷുകാരുടെ സാന്നിധ്യത്തിൽ വ്യാപാരവും സാമ്പത്തിക ഇടപാടുകളും മത സ്വാതന്ത്ര്യവും ജനങ്ങൾക്ക് ഗുണം ചെയ്തു. അതിനാൽ സംഘർഷമുണ്ടായില്ല. എന്നാൽ ദേശീയത വന്നപ്പോൾ മാത്രമാണ് രാജ്യമൊട്ടുക്കും ബ്രിട്ടീഷുകാരുടെ മേൽ ശത്രുതയുടെ മുദ്ര ചാർത്തുന്നത്.

സമരം അന്താരാഷ്ട്ര തലത്തിൽ

മലബാർ സമരത്തെ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി ദേശീയ ചരിത്രകാരൻമാർ അംഗീകരിച്ചതാണ്. ജന്മി ബ്രിട്ടീഷ് കൂട്ടുകെട്ട് കർഷകരുടെ മേൽ നടത്തിയ ചൂഷണങ്ങൾക്കെതിരെയുള്ള മലബാർ സമരത്തിൽ ശാസ്ത്രീയ ചരിത്രകാരൻമാരും മർദ്ദിതുതെ പക്ഷത്ത് നിന്ന് കൊണ്ട് സമരത്തെ വിലയിരുത്തുന്നു. സമരത്തിന്റെ നൂറാം വാർഷികം ആചരിക്കാൻ ലോകം തയാറെടുക്കുകയാണ്. രാജ്യത്തെമ്പാടും ബ്രിട്ടീഷുകാർക്കെതിരായി കർഷകരുടേയും മർദ്ദിതരുടേയും സമരങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ ഡൽഹിക്ക് ചുററുമുള്ളവ മാതമ്രാണ് നമ്മുടെ അക്കാദമിക ചരിത്രത്തിലും മററും സ്ഥാനം പിടിച്ചത്. അങ്ങനെയാണ് ഒന്നാം സ്വാതന്ത്ര്യ സമരവും യു.പിയിലും മററും നടന്ന ചില കലാപങ്ങളും മാത്രം അക്കാദമിക ചരിത്രത്തിൽ സ്ഥാനം പടിച്ചത്. അവർക്ക് മഹാരാഷ്ട്രയിലും, ബംഗാളിലും, മലബാറിലും തിരുവിതാംകൂറിലുമൊക്കെ നടന്ന ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങൾ വിഷയീഭവിച്ചില്ല. ഈ മനോഭാവത്തിന് ഇപ്പോൾ മാററം വന്നു തുടങ്ങി. ചരിത്ര പഠനത്തിന് ശാസ്ത്രീയമായ രീതി ശാസ്ത്രം വന്നതോടെ സ്വാതന്ത്ര്യസമരത്തിന്റെ തലം വിശാലമായി. രാജ്യത്തിന്റെ മുക്കിലും മൂലയിലും നടന്ന കൊളോണിയൻ വിരുദ്ധ കലാപങ്ങൾ ഏതാണ്ട് സ്വാതന്ത്ര്യ സമരങ്ങളുടെ ഭാഗമായിരിക്കുന്നു. കീഴാളരുടെയും കർഷകരുടേയും കലാപമെന്ന നിലക്ക് അന്താരാഷ്ട്ര തലത്തിലും മലബാർ സമരം ചർച്ച ചെയ്യപ്പെടുന്നു. യൂറോപ്പിലേയും അമേരിക്കയിലേയും സർവകാലശാലകളിലും ഗവേഷകർ മലബാർ സമരത്തെ നാനാ വിധേന വിയിരുത്തുന്നു. ഈ ചരിത്രകാരൻമാരൊന്നും അതിനെ സാമുദായികമെന്ന് പറഞ്ഞ് തള്ളുന്നില്ല. അതേ സമയം സമരത്തിന് ഇസ്‌ലാമിന്റെ സമസൃഷ്ടി ഭാവനയും വിമോചന ശാസ്ത്രവും സമരത്തിന് പ്രചോദനമായി എന്നതും അംഗീകരിക്കുന്നു. മന്ദ ബുദ്ധി കൊണ്ട് ചിന്തിക്കുന്ന ചിലർക്ക് മാത്രമാണ് മലബാർ സമരം സാമുദായിമാവുന്നത്. ഇവർക്ക് ബ്രിട്ടീഷുകാരുടെ ബയണററുകൾക്ക് മുമ്പിൽ പിടഞ്ഞു മരിച്ച ദേശാഭിമാനികളോട് ഒരു സ്നേഹവുീമില്ല. രക്ത സാക്ഷികളുടെ തുണി പൊക്കി നോക്കിയിട്ട് വേണം ഇവർക്ക് ദേശാഭിമാനിയോ എന്ന് നിശ്ചയിക്കേണ്ടത്. ഈ പരിശോധകർ എന്നാണ് രാജ്യസ്നേഹികളായത്. രാജ്യത്തിന് വേണ്ടി ഇവരിലെത്രപേർ രക്തമൊഴുക്കിയിട്ടുണ്ട്? രാജ്യ സ്നേഹത്തിന്റെ മൂടു പടമിട്ട് രാഷ്ട്ര പിതാവിന്റെ ഘാതകൻ ഗോഡ്സേയുടെ പ്രതിമക്ക് മുമ്പിൽ നമിക്കുന്നവർക്ക് എന്തും വിളിച്ചു

പറയാം. ഇവർ ഗാന്ധി പ്രതിമയുടെ മുമ്പിൽ കൈ കൂപ്പുമ്പോഴും മനസ്സിൽ പ്രതിഷ്ഠിക്കുന്നത് ഗോഡ്സേയെ തന്നെയാണ്. രാജ്യത്തിനും മർദ്ദിതർക്കും വേണ്ടി ജീവൻ തൃണവൽ ഗണിച്ച മഹാ മാനുഷരുടെ കരളെടുത്ത് ചവച്ചു തുപ്പരുതേ എന്നൊരപേക്ഷ മാത്രം. drhussaink@gmail.com